## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1526 — 03.10.2016 ൽ മറുപടിയ്ക്ക്

### മാവേലിക്കര മണ്ഡലത്തിൽ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സൂപ്പർ മാർക്കറ്റുകൾ നിലവിലുണ്ടോ; നൂറനാട് പഞ്ചായത്തിലെ ഇടപ്പോൺ ജംഗ്ഷനിൽ സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ നൽകിയാൽ സൂപ്പർ മാർക്കറ്റ് അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ? | (എ) മാവേലിക്കര മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട് ഇതിൽ 7 പഞ്ചായത്തുകളിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളാണ് പ്രവർത്തിക്കുന്നത്. നൂറനാട് പഞ്ചായത്തിലെ ഇടപ്പോൺ ജംഗ്ഷനിൽ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല. സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് സപ്ലൈകോ നിലവിൽ മുൻഗണന നൽകുന്നത്. എന്നിരുന്നാലും ഈ വിഷയത്തിൽ അപേക്ഷ ലഭിക്കുന്നമുറയ്ക്ക്; നൂറനാട് പഞ്ചായത്ത് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ; സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും, വാണിജ്യമായും ഗുണകരമാണെന്ന് കണ്ടാൽ; ആവശ്യമായ ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് നൂറനാട് പഞ്ചായത്തിലെ ഇടപ്പോൺ ജംഗ്ഷനിൽ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ